## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **10-10-2024 - ൽ മറുപടിയ്ക്ക്**

### തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് 18/08/2000-ൽ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിൽ നിന്നും 10 ഏക്കർ സഹകരണ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് വേണ്ടി 07/05/2013-ലും, 63.73 ഏക്കർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് വേണ്ടി 03/06/2013-ലും പൊതു ആവശ്യത്തിന് സംവരണം ചെയ്ത് ലാൻഡ് ബോർഡിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള സി.ആർ.പി (എൽ.ആർ) 44/2013 നമ്പർ കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പതിവ് നടപടികൾക്ക് സ്റ്റേ നിലവിലുള്ളതിനാൽ ഭൂമി പതിച്ചുകൊടുക്കുവാൻ സാധിച്ചിട്ടില്ല.<br><br>ടി കേസിൽ സർക്കാരിന് വേണ്ടി എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനായി സീനിയർ ഗവൺമെന്റ് പ്ലീഡറുമായി ചർച്ച നടത്തി കേസിൽ early posting petition ഫയൽ ചെയ്തിട്ടുണ്ട്. ബഹു. കോടതിയുടെ വിധിക്കനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ